

# ശ്രദ്ധ

2019 ജൂൺ

ലക്കം – 8

www.devakiwarrier.org

ദേവകീവാര്യർ സ്മാരക വാർത്താപത്രിക


മുഖപ്രസംഗം

## മന്ത്രവാദം ജീവനെടുക്കുമ്പോൾ




ടി. രാധാമണി
സെക്രട്ടറി
ദേവകിവാര്യർ സ്മാരകം


ഇക്കഴിഞ്ഞ 2019 മെയ് 14 നാണ് നെയ്യാറ്റിൻകരയിൽ അമ്മയും മകളും ഒരേ മുറിയിൽ തീകൊളുത്തി ആത്മഹത്യചെയ്തത്. ദാരുണമായ ആ സംഭവത്തിന്റെ പിന്നിൽ ദുർമന്ത്രവാദവും ആഭിചാരക്രിയകളും ആണെന്ന വസ്തുത അമ്മ ലേഖയുടെ ആത്മഹത്യാക്കുറിപ്പിലൂടെയും ഡയറിക്കുറിപ്പുകളിലൂടെയും ആണ് നാം അറിഞ്ഞത്. സ്വന്തം ഭർത്താവും അദ്ദേഹത്തിന്റെ അമ്മയും മറ്റു ബന്ധുക്കളും ചേർന്ന് ആ സ്ത്രീയെ മാന്ത്രവാദത്തിന്റെ പേരിൽ കൊല്ലാക്കൊല ചെയ്തതിന്റെ വിവരണങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. ആ ഞെട്ടൽ മാറുന്നതിനുമുൻപ് മെയ് 28 നാണ് അതിദാരുണമായ മറ്റൊരു കൊലപാതകത്തിന്റെ വിവരം പത്രത്തിലൂടെ അറിയുന്നത്. കൊല്ലത്തുകാരിയായ 16 വയസ്സുള്ള പെൺകുട്ടി ഏപ്രിൽ 12 ന് തമിഴ്നാട് തിരുനെൽവേലിയിലെ മതതീർത്ഥാടനകേന്ദ്രത്തിൽ വെച്ച് പൈശാചികമായി കൊല്ലപ്പെട്ടു. ബാധയകറ്റാൻ എന്ന പേരിൽ കൊണ്ടുപോയ കുട്ടിയെ പലതവണ ബലാൽസംഗം ചെയ്തും ന്യുമോണിയ രോഗബാധക്ക് ചികിത്സ നൽകാതെയുമാണ് മരണത്തിലേക്ക് തള്ളി വിട്ടത്. 2018 ൽ നാല് പെൺകുട്ടികൾ വിവിധ സ്ഥലങ്ങളിലായി ഇത്തരത്തിൽ മന്ത്രവാദത്തിന്റെ മറവിൽ കൊല്ലപ്പെട്ടിരുന്നു.

എന്ത് അന്ധവിശ്വാസവും ചെലവാകുന്ന നാടായി കേരളം മാറിക്കഴിഞ്ഞിരിക്കുന്നു. ജാതകം, വാസ്തു, ജ്യോതിഷം തുടങ്ങിയ അന്ധവിശ്വാസം മുതൽ ഉദ്ദിഷ്ടകാര്യലബ്ധി, മാറാവ്യാധിചികിത്സ, പിശാചിറക്കൽ, സാമ്പത്തികവളർച്ച, സന്താനലബ്ധി, പ്രേതബാധ, ശത്രുസംഹാരം എന്നിവയ്ക്കുള്ള മന്ത്രവിദ്യകൾവരെ വാണിജ്യാടിസ്ഥാനത്തിൽ വ്യാപകമായി പ്രചരിച്ചു വരുന്നു. പത്രമാസികകളിലും ടെലിവിഷൻ ചാനലുകളിലും അന്ധവിശ്വാസജടിലമായ പരസ്യങ്ങൾ ദിനംപ്രതി പ്രത്യക്ഷപ്പെടുന്നു. ഇത്തരം അനാചാരങ്ങൾ പ്രധാനമായും സ്ത്രീകളെയാണ് ലക്ഷ്യമിടുന്നത്. അവയുടെ ഇരകളും സ്ത്രീകളാണ്. ശബരിമല പ്രവേശനവും ആർത്തവവും അവയുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളും രാഷ്ട്രീയ ആയുധമായി ഉപയോഗിക്കപ്പെടുന്നത് കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പുകാലത്ത് നാം കണ്ടതാണല്ലോ. ചികിത്സാരംഗത്തും പലതരം അന്ധവിശ്വാസങ്ങൾ പരത്തി ലാഭം കൊയ്യുന്ന ഒരു വിഭാഗം പ്രവർത്തിച്ചു വരുന്നുണ്ട്. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തിരസ്കരിച്ച് യുക്തിചിന്തയും ശാസ്ത്രബോധവും പ്രചരിപ്പിക്കാൻ നവോത്ഥാന നേതാക്കൾ ശ്രമിച്ചിരുന്നു എന്ന വസ്തുത നമുക്ക് മറക്കാൻ കഴിയില്ല.

കേരളത്തെക്കാൾ സാമൂഹ്യ വളർച്ചയിൽ പിന്നിൽ നില്ക്കുന്ന മഹാരാഷ്ട്രയും കർണ്ണാടകവും അന്ധവിശ്വാസ നിർമ്മാർജന നിയമം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. മഹാരാഷ്ട്ര 2013 ലും കർണ്ണാടക 2017 ലും പ്രസ്തുത നിയമം പാസാക്കി. ഇനിയും കൂടുതൽ മന്ത്രവാദവധങ്ങൾക്കായി കാത്ത് നില്ക്കാതെ കേരളത്തിലും അന്ധവിശ്വാസ നിർമ്മാജനനിയമം പാസ്സാക്കേണ്ടതാണ്.

ശാസ്ത്രാവബോധം (Scientific Temper) എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചതു നമ്മുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ് ശാസ്ത്രബോധം വളർത്തണം എന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള ഭരണഘടനയാണ് നമുക്ക് ഉള്ളത്. എങ്കിലും ഇത്തരം അനീതികളും ചൂഷണവും അവസാനിപ്പിക്കാൻ വേണ്ട നിയമനിർമ്മാണം നടത്താനോ നടപടികൾ സ്വീകരിക്കാനോ ഭരണകർത്താക്കൾ ശ്രദ്ധിക്കുന്നില്ലാ എന്നത് പ്രതിഷേധാർഹമാണ്.

മുത്തശ്ശി



കാൻസറിനു മരുന്നുമായി ശ്രീചിത്ര

## 2018 ലെ പത്മിനിവർക്കി അവാർഡ് ഉമാപ്രേമന്



2018 ലെ പത്മിനി വർക്കി അവാർഡ് എം.എൽ.എ. എ. പ്രദീപ് കുമാർ ഉമാപ്രേമന് സമ്മാനിക്കുന്നു.

2015 ൽ കേരള വർക്കിംഗ് വിമെൻസ് അസോസിയേഷന്റെ പ്രസിഡന്റായും ദേവകി വാര്യർ സ്മാരകത്തിന്റെ ജോയിന്റ് സെക്രട്ടറിയായും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കെയാണ് പത്മിനിവർക്കി നമ്മെ വിട്ടു പിരിഞ്ഞത്. അന്നു മുതൽ എല്ലാവർഷവും പത്മിനി വർക്കിയുടെ ചരമദിനത്തിൽ മികച്ച ജീവകാരുണ്യപ്രവർത്തകയ്ക്ക് 25000 രൂപയും ശില്പവും അടങ്ങുന്ന അവാർഡ് നല്കി വരുന്നു. 2016 ൽ ആശ്രയയുടെ സ്ഥാപക പ്രസിഡന്റായ ശാന്താ ജോസിനും, 2017 ൽ AMHA യുടെ സെക്രട്ടറിയായ പ്രൊഫ. ഭാനുമതിക്കുമാണ് പുരസ്കാരം നല്കിയത്.

2018 ലെ പുരസ്കാര വിതരണ ചടങ്ങ് എ.പ്രദീപ്കുമാർ M.L.A ഉദ്ഘാടനം ചെയ്തു. പത്മിനി ചേച്ചിയുമായും കുടുംബവുമായും അടുത്ത ബന്ധം പുലർത്തിയിരുന്ന വ്യക്തിയാണ് എ. പ്രദീപ്കുമാർ. അവാർഡുദാനവും എ. പ്രദീപ്കുമാർ നിർവഹിച്ചു.

2018ലെ അവാർഡ് ജേതാവായ ഉമാപ്രേമൻ ശ്ലാഘനീയമായ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. തൃശ്ശൂർ ജില്ലയിലാണ് അവരുടെ പ്രവർത്തനം ആരംഭിച്ചത്. വൃക്കരോഗം മൂലം ഏറെ കഷ്ടത അനുഭവിച്ചശേഷമാണ് ഉമയുടെ ഭർത്താവ് പ്രേമൻ അന്തരിച്ചത്. സ്വന്തം കുടുംബം അനുഭവിച്ച വിഷമങ്ങളുടെ കാഠിന്യമാണ് ഇതേ വിഷമം അനുഭവിക്കുന്ന മറ്റു കുടുംബങ്ങൾക്ക് താങ്ങും തണലുമാകാൻ ഉമാപ്രേമനെ പ്രേരിപ്പിച്ചത്. എട്ട് ഡയാലിസിസ് യൂണിറ്റുകളും ഒരു സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റും വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തിക്കൊണ്ട് ജില്ലയൊട്ടാകെ പ്രവർത്തിച്ചുവരുന്നു. അതിനുപുറമെ അട്ടപ്പാടിയിലെ സ്ത്രീകളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താനുള്ള കേന്ദ്രസർക്കാർ പ്രോജക്ടും അവർ ഏറ്റെടുത്തുനടത്തുന്നുണ്ട്. ലാളിത്യം നിറഞ്ഞ ജീവിതശൈലികൊണ്ടും വിനയാന്വിതമായ പെരുമാറ്റം കൊണ്ടും അർപ്പണ മനോഭാവം കൊണ്ടും ആരുടേയും സ്നേഹ ബഹുമാനങ്ങൾ പിടിച്ചുപറ്റുന്ന ഉമാപ്രേമന് ഈ അവാർഡ് നല്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. ഹ്രസ്വമെങ്കിലും ഹൃദയത്തിൽ തൊടുന്നതായിരുന്നു മറുപടിപ്രസംഗം.

തനൂജാഭട്ടതിരിപ്പാടിന്റെ കേരള സ്ത്രീയും നവോത്ഥാനമൂല്യങ്ങളും എന്ന വിഷയാവതരണം ഉന്നതനിലവാരം പുലർത്തി. സദസ്സിന്റെ ഭാഗത്തുനിന്ന് പ്രതികരണങ്ങളോ ചർച്ചയോ ഉണ്ടായില്ല എന്നത് ഖേദകരമായി. ശ്രദ്ധയിലെ അന്തേവാസിയായ അഭിലാഷിന്റെ അച്ഛൻ സ്വാമിനാഥന്റെ നാദസ്വരക്കച്ചേരി നല്ല നിലവാരം പുലർത്തി. പത്മിനിവർക്കിയുടെ കുടുംബാംഗങ്ങളെയും പത്മിനി ചേച്ചിയെ സ്നേഹിക്കുന്നവരെയുംക്കൊണ്ട് നിറഞ്ഞ സദസ്സ് സ്നേഹവും കരുതലും പങ്കുവച്ചാണ് പിരിഞ്ഞത്.



കേരളസ്ത്രീയും നവോത്ഥാന മൂല്യങ്ങളും എന്ന വിഷയത്തെക്കുറിച്ച് തനൂജാഭട്ടതിരിപ്പാട് സംസാരിക്കുന്നു

## ദേവകീവാര്യർ ഓർമ്മദിനം



ദേവകീവാര്യർ
ഒരു പഴയ ഫയൽ ചിത്രം

2001 ഡിസംബർ 25 നാണ് ദേവകീ വാര്യർ കാൻസർ രോഗത്തിന് കീഴടങ്ങിയത്. 2002 ൽ തന്നെ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച ദേവകീവാര്യർ സ്മാരകം ദിവസം ചെല്ലുന്തോറും കൂടുതൽ കൂടുതൽ ആളുകൾക്ക് താങ്ങും തണലുമായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. 2002 മുതൽ ആ സ്നേഹനിധിയുടെ ഓർമ്മകളുമായി ഡിസംബർ 25 ന് തിരുവനന്തപുരത്ത് ചാലക്കുഴി റോഡിലുള്ള സ്മാരകത്തിൽ സുഹൃത്തുക്കളും ബന്ധുക്കളും ഒത്തുചേരാറുണ്ട്.

2018 ലെ ഓർമ്മദിനത്തിൽ കേരള നവോത്ഥാനത്തിലെ സ്ത്രീ പങ്കാളിത്തം എന്ന വിഷയത്തെപ്പറ്റി ശാസ്ത്ര സാഹിത്യപരിഷത്ത് പ്രവർത്തക കെ.രമ സംസാരിച്ചു. തുടർന്ന് നടന്ന സജീവമായ ചർച്ചയിൽ ഷാജി.എൻ.കരുൺ, അനസൂയ, കൃഷ്ണ വാര്യർ, ഭാനുമതി, മുതലായ പ്രവർത്തകരും പങ്കെടുത്തു. സജിതാ ഇളമൻ സ്വാഗതം പറഞ്ഞു. എം.എൽ.ശാരദാമ്മ അധ്യക്ഷത വഹിച്ചു.

നിരവധിപേർക്ക് ആശ്രയമാകുന്ന ദേവകീ വാര്യർ ട്രസ്റ്റ് നന്മയുടെയും അർപ്പണ മനോഭാവത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും മൂല്യങ്ങളാണ് നമുക്ക് പകർന്നു നൽകുന്നത്. ദേവകീ വാര്യർ നമ്മെ വിട്ടുപിരിഞ്ഞ് പോയെങ്കിലും ഇന്നും എല്ലാവരുടെയും ഓർമ്മയിൽ ജീവിക്കുന്നു.

